# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 954 11.07.2016 -ൽ മറുപടിക്ക്

## കാലവർഷക്കെടുതികൾ നേരിടുന്നതിനായുള്ള നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പാറക്കൽ അബ്ദുള്ള** | | **ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | കാലവർഷക്കെടുതികൾ നേരിടുന്നതിനായി സംസ്ഥാനത്ത് ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | എ) | കാലവർഷ മുന്നൊരുക്കങ്ങൾക്കുവേണ്ടി 02.05.2016 നും 03.05.2016 നുമായി ജില്ലാ കളക്ടർമാരും വകുപ്പ് മേധാവിമാരുമായി ബഹു:ചീഫ് സെക്രട്ടറി യോഗം നടത്തുകയും 36 ഇന തയ്യാറെടുപ്പ് ശുപാർശകൾ എല്ലാ വകുപ്പുകൾക്കും നൽകുകയും ഉണ്ടായി. എല്ലാ ജില്ലകളിലും ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചു. കാലവർഷത്തെ നേരിടുന്നതിനായി എല്ലാ ജില്ലകൾക്കും 50 ലക്ഷം രൂപ വീതം നൽകി. മുഖ്യമന്ത്രിമാരും മറ്റ് മന്ത്രിമാരും മറ്റ് വകുപ്പ് അദ്ധ്യക്ഷൻമാരും കാലവർഷ തയ്യാറെടുപ്പ് പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിൽ അവലോകനം ചെയ്തു. കേന്ദ്ര ദുരന്ത പ്രതികരണ സേനയെ (47 പേരടങ്ങുന്ന ടീം) കാലവർഷക്കെടുതികൾ നേരിടുന്നതിനായി തൃശ്ശൂർ കേന്ദ്രീകരിച്ച് നിലനിർത്തിയിട്ടുണ്ട്. മഴക്കാല പൂർവ്വ ശുചീകരണം, പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനം, 24x7 മണിക്കൂർ പ്രവർത്തിക്കുന്ന കൺട്രോൾ റൂം, ദുരിതാശ്വാസ കേന്ദ്രങ്ങളും, അടിയന്തിര ഘട്ടത്തെ നേരിടുന്നതിനാവശ്യമായ മുൻകരുതലുകളെടുക്കൽ എന്നിവ സമയബന്ധിതമായി നടപ്പിലാക്കാൻ ജില്ലാ ഭരണകൂടങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പുതിയ സർക്കാരിന്റെ 25.05.2016-ൽ ചേർന്ന ആദ്യ മന്ത്രിസഭായോഗ തീരുമാനപ്രകാരം മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27.05.2016 ന് വകുപ്പ് മന്ത്രിമാർ, സെക്രട്ടറിമാർ, വകുപ്പ് |

| | | | |
|---|---|---|---|
| | | | തലവൻമാർ എന്നിവരുടെ യോഗം വിളിച്ചു ചേർക്കുകയുണ്ടായി. മൺസൂൺ പൂർവ്വകാല മുൻകരുതൽ നടപടികൾ സംബന്ധിച്ച് എല്ലാ തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലും ഒരാഴ്ചത്തെ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചു. |
| ബി) | കാലവർഷക്കെടുതിയിൽ വീട് നഷ്ടപ്പെട്ടവർ, കൃഷിനാശം സംഭവിച്ചവർ എന്നിവർക്കായി എന്തൊക്കെ ആനുകൂല്യങ്ങൾ നൽകുമെന്ന് വ്യക്തമാക്കാമോ; | ബി) | 20.05.2015-ലെ സർക്കാർ ഉത്തരവ് സ.ഉ.(എം.എസ്) നം. 194/2015/ഡി.എം.ഡി. പ്രകാരവും 29.09.2015 തീയതിയിലെ സ.ഉ.(കൈ)നം.182/2015/കൃഷി പ്രകാരവും നിശ്ചയിച്ചിട്ടുള്ള മാനദണ്ഡ പ്രകാരമുള്ള ആനുകൂല്യങ്ങൾ ഇവർക്ക് നൽകി വരുന്നു. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) |
| സി) | സംസ്ഥാനത്ത് കാലവർഷക്കെടുതിയിൽ ഇതിനകം എത്ര പേർ മരണപ്പെട്ടു; മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ; | സി) | കാലവർഷം ആരംഭിച്ച 08.06.2016 മുതൽ 07.07.2016 വരെ 17 പേർ മരണപ്പെട്ടിട്ടുണ്ട്. ദുരന്ത പ്രതികരണ നിധിയിൽ നിന്നും മരണമടഞ്ഞ വ്യക്തിയുടെ നിയമാനുസൃത അവകാശിക്ക് 4 ലക്ഷം രൂപ ലഭിക്കുന്നതാണ്. |
| ഡി) | ജില്ലാ ഭരണകൂടങ്ങൾക്ക് ഇതു സംബന്ധിച്ച് നൽകിയ പ്രത്യേക നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകാമോ? | ഡി) | 05.05.2016 തീയതിയിലെ 26378/കെ.1/16/ഡി.എം.ഡി. കത്ത് പ്രകാരവും 02.06.2016 തീയതിയിലെ ഇതേ നമ്പർ സർക്കുലർ പ്രകാരവും ജില്ലാ ഭരണകൂടങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്